കാസർകോട്, ഇടുക്കി എന്നീ ജില്ലകളിൽ 31-12-1985 വരെയുള്ള കുടിശ്ശിക മുഴുവൻ നൽകിക്കഴിഞ്ഞു. വയനാട് ജില്ലയിൽ കുടിശ്ശിക 95% വരെയും നൽകിക്കഴിഞ്ഞു.

(ബി) 1985-86 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക മുഴുവൻ ഈ സാമ്പത്തിക വർഷത്തിൽ തന്നെ ചെലവഴിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക

228 [399] ശ്രീ. സി. കെ. തങ്കപ്പൻ :
,, സി. ഹരി. കൃഷ്ണൻ :
,, ടി. കെ. ആറുമുഖൻ :
,, സി. കെ. ചക്രപാണി :
,, വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 ജനുവരി 31 വരെ കർഷക തൊഴിലാളി പെൻഷൻ വകയിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക സംഖ്യ എത്ര ;

(ബി) ഈ കുടിശ്ശിക എന്നു കൊടുത്തു തീർക്കുമെന്നു പറയാമോ ;

(സി) 1984-85, 1985-86 എന്നീ വർഷങ്ങളിൽ എത്രപേർക്കു വീതം പെൻഷൻ നൽകി ; ഇവരുടെ ജില്ല തിരിച്ചുള്ള കണക്കു വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഏകദേശം 5 കോടി രൂപ.

(ബി) കുടിശ്ശിക വേഗം കൊടുത്തുതീർക്കുവാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

(സി) 1984-85, 1985-86 എന്നീ സാമ്പത്തിക വർഷങ്ങളിൽ പെൻഷൻ നൽകിയവരുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു. (7-3-1986 വരെ)

ജില്ല	1984-85	1985-86
തിരുവനന്തപുരം	17,124	17,469
കൊല്ലം	15,607	17,519
ആലപ്പുഴ	25,838	26,807
പത്തനംതിട്ട	8,148	10,561
കോട്ടയം	16,047	16,795
ഇടുക്കി	4,937	5,411
എറണാകുളം	17,373	17,373
തൃശ്ശൂർ	27,445	28,760
പാലക്കാട്	28,641	35,589
മലപ്പുറം	31.334	35,699
കോഴിക്കോട്	27,313	31,614
വയനാട്	4 915	5,236
കണ്ണൂർ	25 400	22,939
കാസർകോട്	ഇല്ല	5,216
ആകെ	2 50,116	2,76,988

LIBRARY ARCHIVES Kerala Legislative Assembly